പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3112 07.11.2019 -ൽ മറുപടിയ്ക്ക്

സമഗ്ര ശിക്ഷാ കേരള പദ്ധതിയിലെ വെട്ടിക്കുറച്ചതും സൃഷ്ടിച്ചതുമായ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് ആർ.എം.എസ്.എ.- യും എസ്.എസ്.എ.-യും തമ്മിൽ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ കേരള എന്ന പുതിയ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (എ) ആർ.എം. എസ്.എ, എസ്.എസ്.എ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് സമഗ്രശിക്ഷാ കേരളം പദ്ധതി നടപ്പിലാക്കുന്നതിന് 03.05.2018 ലെ ജി.(എം.എസ്) നം.49/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1955 ലെ 12 -ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് സ്കൂൾ എഡ്യൂക്കേഷൻ ഡവലപ്പ്മെൻറ് സൊസൈറ്റി കേരള (SEDSK) 1.11.2018 ന് രജിസ്റ്റർ ചെയ്ത് സമഗ്രശിക്ഷ കേരളം പദ്ധതി നിലവിൽവന്നു. |
| ബി) സമഗ്ര ശിക്ഷാ കേരള നിലവിൽ വന്നതോടുകൂടി നിലവിൽ ആർ.എം. എസ്.എ .-യിലും എസ്.എസ്. എ.-യിലും ഉണ്ടായിരുന്ന എത്ര തസ്തികകളാണ് വെട്ടിക്കുറച്ചത്; അതിന്റെ വിശദാംശം നൽകുമോ; | ബി) എസ്.എസ്.എ സ്റ്റേറ്റ് ഓഫീസിൽ നിലവിലുണ്ടായിരുന്ന 12 ക്ലർക്ക്തസ്തികകൾ10 ആയും,ജില്ലാ ഓഫീസുകളിലുണ്ടായിരുന്ന 3 ക്ലർക്ക് തസ്തികകൾ 2 ആയും കുറഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഉയർന്ന തസ്തികകൾ നിലനിർത്തിക്കൊണ്ട് താഴെക്കിടയിലുള്ള തസ്തികകൾ കുറക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; | സി) യും ഡി) യും | സബ്കമ്മിറ്റി ശുപാർശചെയ്ത സമഗ്ര ശിക്ഷാ കേരളയ്ക്കായുള്ള സ്റ്റാഫ് ഘടന സർക്കാർ വിശദമായി പരിശോധിച്ചശേഷം ആവശ്യകത വിലയിരുത്തിയാണ് തസ്തികകൾ സൃഷ്ടിക്കേണ്ടത്/കുറവ് ചെയ്യേണ്ടത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സമഗ്രശിക്ഷ കേരളയിൽ പ്രോജക്ട് മാനേജർ എന്ന തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| ഡി) | സമഗ്ര ശിക്ഷാ കേരളയിൽ പ്രോജക്ട് മാനേജർ എന്ന തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; തസ്തികകൾ പലതും കുറച്ചിട്ടും പ്രോജക്ട് മാനേജർ എന്ന ഒരു പുതിയ തസ്തിക ഉണ്ടാക്കിയതിന്റെ കാരണം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ